# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഏലിയാ-സ്ലീവ-മൂശ ആറാം ഞായർ

2023
ഒക്ടോബർ 08




# ചെറിയോരും വലിയോരും

നിയ 10:12-20, ഏശ 33:2-10, മത്താ 18:1-9

ഒരു പാർക്കിൽ ഒറ്റനോട്ടത്തിൽ ക്രിമിനൽ ലുക്കുള്ള രണ്ട് തടിമാടന്മാർ ഏതോ പുസ്തകം നോക്കി ഗൂഢാലോചനയിലാണ്. ഇൻസ്പെക്ടർ ശംഭുലിംഗം ഒളിച്ചു നിന്നതു കേട്ടു:

ആദ്യം തള്ളയെ കൊല്ലണം. അപ്പോൾ അയാളെയോ ? അയാളെയും കൊല്ലണം, അയാളുടെ കയ്യിലിരിപ്പും ശരിയല്ല.

യഥാക്രമം തള്ള ഡാകിനിയാണ്, അയാൾ കുട്ടൂസനും. വായിക്കുന്ന പുസ്തകം ബാലരമയും. ബോബിയച്ചന്റെ ഒരു തമാശ കഥയാണിത്. ഏതാണ്ട് ഇതുപോലൊരു വചനഭാഗമാണ് ഇന്നത്തെ വിചിന്തന വിഷയം. മത്തായി സുവിശേഷത്തിന്റെ സുപ്രധാന ലക്ഷ്യമായ പ്രബോധനങ്ങളിലെ ഒരു ഭാഗമാണിത്. അധ്യായം ആരംഭിക്കുന്നത് ഇങ്ങനെയാണ്,

ശിഷ്യന്മാർ ഈശോയെ സമീപിച്ചു ചോദിച്ചു, സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരാണ്? ശിഷ്യന്മാരെ കുറിച്ച് പറയുമ്പോഴെല്ലാം മനസ്സിലേക്ക് കടന്നുവരുന്നത്, വാർദ്ധക്യത്തിന്റെ ആരംഭത്തിലെത്തിയ – യോഹന്നാൻ ശ്ലീഹ ഒഴികെ – പതിനൊന്ന് പേരുടെ മുഖമാണ്. ഏറ്റം മുന്തിയ ആദരത്തിനും പരിഗണനയ്ക്കും വേണ്ടി തർക്കിക്കുകയും, ഇരിപ്പിടങ്ങൾക്ക് വേണ്ടി വാശി പിടിക്കുകയും, അമ്മയെ കൊണ്ട് വരെ ശുപാർശ പറയിക്കുകയും ചെയ്തത് ഈ മൂപ്പെത്തിയ മനുഷ്യരാണെന്നത് തീരെ യോജിച്ച് പോകാറുമില്ല. ചിത്രകാരന്മാരുടെ ഭാവനയായി മാത്രം ശിഷ്യരുടെ പ്രായത്തെ കണ്ട്, യുവാക്കളുടെ ഒരു ചെറുസംഘമായിരുന്നു അവർ എന്ന് സങ്കൽപ്പിച്ചാൽ ഇന്നത്തെ ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും കുറെക്കൂടെ ഭംഗിയേറുന്നുണ്ട്.

## വലിയോർ

സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരെന്ന ശിഷ്യരുടെ ചോദ്യത്തിന് ഈശോ ഉത്തരം പറയുന്നില്ല. പകരം, കൂട്ടത്തിൽ നിന്ന് ഒരു കുഞ്ഞിനെ വിളിച്ച് അവർക്ക് മധ്യേ നിറുത്തിയിട്ട് പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ഈ കുഞ്ഞിനെ പോലെ ആകുന്നില്ല എങ്കിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല. ഒപ്പം രണ്ട് നിർദ്ദേശങ്ങളും മുന്നോട്ട് വയ്കുന്നു. ഒന്ന് മാനസാന്തരപെടണം , രണ്ട് ശിശുവിനെ പോലെയാകണം. ആദ്യം സ്വർഗ്ഗത്തിലേക്ക് പ്രവേശിക്ക് എന്നിട്ടാവാം , വലിപ്പ/ചെറുപ്പങ്ങൾ തീരുമാനമാക്കുന്നത് എന്നാണ് ലൈൻ.

വളർച്ചയുടെ വഴികളിൽ മനുഷ്യർക്ക് നഷ്ടപ്പെട്ടു പോകുന്ന ഒന്നിനെ കുറിച്ചാണ് ഈശോയുടെ വാക്കുകൾ എന്ന് ഒരു ഭാഷ്യം കഴിഞ്ഞ ദിവസം കേട്ടു. അത് ശരിയാണെന്ന് തോന്നുകയും ചെയ്യുന്നു തൃപ്തിയാണത് . തീരെ ചെറിയ കുഞ്ഞുങ്ങൾ കരയുന്നത്




മരിയ റാൻസം

വിശക്കുമ്പോഴും , അമ്മയുടെയോ സംരക്ഷിക്കുന്നവരുടെയോ അസാന്നിദ്ധ്യത്തിലും മാത്രമായിരിക്കും. ഇതു രണ്ടും ലഭിച്ചാൽ അവർ സുന്ദരമായി കൈകാലിട്ടടിച്ച് കളിക്കും, അതല്ലെങ്കിൽ ഉറങ്ങും. എന്നാൽ വളരുന്നതോടെ കരച്ചിലിന്റെ തലങ്ങളും കാരണങ്ങളും മാറുന്നു. പതുക്കെ പതുക്കെ അത് അസംതൃപ്തിയിലേക്കും പരാതികളിലേക്കും താരതമ്യങ്ങളിലേക്കും വഴിമാറുന്നു. അയാൾക്ക് / അവൾക്ക് എന്നേക്കാൾ പേരും പെരുമയും സൗഭാഗ്യവും ഉണ്ടായി. പരാതികളുടെ പെരുക്കപ്പട്ടിക തുടങ്ങുന്നത് പലപ്പോഴും ഇങ്ങിനെയാണ്. ചുറ്റിലും പാർക്കു ന്നവരോട് ജീവിതം കുറേയേറെ അനുഭാവവും ആനുകൂല്യവും കാട്ടി എന്ന പരാതിയാണ് തമ്പുരാന്റെ പക്കലേക്ക് എത്തുന്ന ചില പ്രാർത്ഥനകളുടെ പോലും പൊരുളുകൾ. പെരുന്തച്ചൻ ഉളി മിനുക്കുന്നതും ഏതാണ്ട് ഈ വികാരത്തിലാണ്.

തെല്ലൊരു സന്തോഷത്തോടെ കാണുന്ന കാഴ്ചയുണ്ട്. കൊച്ചി പട്ടണത്തിന് നടുവിലുള്ള ഇടവക പള്ളിയിലേക്ക് പുതുതായി എത്തിച്ചേരുന്ന കുടുംബങ്ങളിൽ കുഞ്ഞുങ്ങളുണ്ടെങ്കിൽ – അവർ വേദപാഠത്തിന് വരുന്നുണ്ടെങ്കിൽ – വളരെ പെട്ടെന്ന് ആ കുടുംബം മുഴുവനും ഇടവകയുടെ ഭാഗമായി തീരാറുണ്ട്. കാരണം ഏതാനും മണിക്കൂറുകൾ കൊണ്ട് തന്നെ കുട്ടികൾ തമ്മിൽ ചങ്ങാത്തത്തിലാകുന്നു. മനുഷ്യരെ അളക്കാൻ വലിയ / ചെറിയ തുലാസുകൾ ചങ്കിൽ ഇല്ലാത്ത പ്രായമത്രെ ശൈശവം. കുഞ്ഞി പാദത്തിൽ നിന്ന് കാലത്തെ കാണാനാണ് അനുശാസനം. ഇടവും വലവുമുള്ളവരെ അഴകളവിന്റെയും / സമ്പത്തിന്റെയും / സ്ഥാനമാനങ്ങളുടേയും തുലാസിൽ തൂക്കാതെ കൂടെ കൂട്ടാനും, അവനവന് വിളമ്പി ലഭിച്ചത് നന്ദിയോടെ ഭക്ഷിക്കാനും നമുക്കും കഴിയട്ടെ. സങ്കടകരമായ കാര്യം ഈ അടുത്ത് തുടങ്ങിയ ഏറ്റവും അപകടം പിടിച്ച കളി, മോണയുറക്കും മുൻപേ പൈതങ്ങളെ വലിയ വരാക്കുക എന്നതാണ്. റീൽസിലെ പ്രിൻസുമ്മാരും പ്രിൻസികളും പൊറുക്കട്ടെ

## ചെറിയോർ

ഒറ്റ നോട്ടത്തിൽ തീരെ യോജിക്കുന്നില്ല എന്ന് തോന്നിക്കുന്ന മറ്റൊരു ഭാഗം കൂടിയുണ്ട് ഇന്നത്തെ വിചിന്തനത്തിൽ. പടച്ചവന്റെ സ്വന്തം ചെറിയോരെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലും താക്കീതുമാണിത്. വേദ പുസ്തകത്തിന്റെ കുറേ കുറേ അധികം ഏടുകൾ ഈ ചെറിയവരെ കുറിച്ചാണ്. വചനം ഇങ്ങിനെയാണ്, എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയ ഒരുവന് ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ല് കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുന്നതായിരിക്കും.

അടുത്ത ഖണ്ഡികയിലെ ആദ്യവരി കൂടി ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ് എന്ന് തോന്നുന്നു, (മത്തായി18:10 – 11) ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുക. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും ദർശിച്ചു കൊണ്ടിരിക്കുകയാണ് .

ആദ്യഭാഗത്ത് ഉയർന്ന ചോദ്യം പോലെ നിശ്ചയമായും ഇവിടെയും ഒരു ചോദ്യം ഉയരേണ്ടതുണ്ട്. ആരാണ് ചെറിയവൻ? ചെറിയവരെക്കുറിച്ച് എന്തിനാണ് വലിയ വിശദീകരണത്തിന്റെ ആവശ്യം എന്നാണ് കഴിഞ്ഞ ദിവസം കേട്ട ഒരു പ്രഭാഷകന്റെ ചോദ്യം. ചെറിയവർക്ക് ഒരൊറ്റ അർത്ഥമേ ഉള്ളൂ, ചെറിയവരാണവർ. കുഞ്ഞുങ്ങളെ കണക്ക് ശക്തിയിലും ബുദ്ധിയിലും ശാരീരികമായും മാനസികമായും സാമ്പത്തികമായും സാമൂഹികമായും മറ്റു മനുഷ്യരുടെ താങ്ങുവേണ്ടവർ ഇവരത്രെ ചെറിയവർ.

മനസ്സ് കൊണ്ട് ചെറിയവരെന്ന് വിശ്വസിക്കുകയും വലിയവരെ പോലെ ജീവിക്കുകയും ചെയ്യുന്ന ദുർവിധിയാണല്ലോ പലപ്പോഴും നമ്മുടേത്. എന്നാൽ ശരിക്കും ദൈവ / മനുഷ്യ സന്നിദ്ധിയിൽ ചെറിയവരായവർക്ക് ദുഷ്പ്രേരണ നൽകുകയോ ഇവരെ നിന്ദിക്കുകയോ ചെയ്യരുത് എന്നാണ് കൽപ്പന. കപ്പിസ്റ്റാൻ അച്ചൻ ഇതേ വചന സന്ദേശത്തിൽ പറഞ്ഞതിങ്ങനെയാണ്, ഇവരെ തോണ്ടരുത് പണികിട്ടും

## പ്രലോഭനവും പ്രലോഭകനും

തുടർന്ന് ഈശോ പറയുന്നു പ്രലോഭനങ്ങൾ നിമിത്തം ലോകത്തിന് ദുരിതം. പ്രലോഭനങ്ങൾ ഉണ്ടാവേണ്ടതാണ്. ദൈവ പുത്രനായിട്ടു പോലും ഈശോയ്ക്കും പ്രലോഭനത്തിലൂടെ കടന്നു പോകേണ്ടി വരുന്നുണ്ട്. ഈശോ പഠിപ്പിച്ച പ്രാർത്ഥനയിലെ വരിയും ഇതു തന്നെയാണ് 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ'. ഇതിൽ നിന്നെല്ലാം ഒന്ന് ഉറപ്പിക്കാം. പ്രലോഭനമില്ലാതെ - ഇടർച്ചയില്ലാതെ - ഒരു മനുഷ്യ ജീവിതവും കടന്നു പോവുകയില്ല.

തൊഴിലിടങ്ങളും പൊതുവിടങ്ങളും ഇന്ന് CC ക്യാമറ നിരീക്ഷണത്തിലാണ്. ചോദ്യം ചെയ്യപ്പെടാതെ ക്യാമറ കണ്ണുകളിൽ മാന്യമായി പതിയേണ്ട വിധം നമ്മൾ പരിശീലിച്ചു കഴിഞ്ഞു. പക്ഷെ ഭൂരിഭാഗം പ്രലോഭനങ്ങളും ആടിതിമിർക്കുന്നത് തലച്ചോറിലും ഹൃദയത്തിലും മാത്രമാണല്ലോ? അവിടെ കാണിയും കളിക്കാരനും ഒന്നാകുന്നു. ഇടർച്ചകളെ അതിജീവിക്കാൻ പുറത്തു നിന്നൊരു സഹായവും സാധ്യമല്ല. നോമ്പും പ്രാർത്ഥനയും പശ്ചാത്താപവും മാത്രമാണ് പ്രതിവിധി. തുടർന്നുള്ള വചനം ഇപ്രകാരമാണ്. പ്രലോഭന ഹേതുവാകുന്നവന് ദുരിതം.

പ്രലോഭകനെ കാത്തിരിക്കുന്ന കാഠിന്യമേറിയ ശിക്ഷകളെ കുറിച്ചുള്ള സ്വർഗ്ഗത്തിന്റെ വെളിപ്പെടുത്തലുകളാണ് തുടന്നുള്ള മുഴുവൻ വരികളും. ഈയടുത്ത കാലത്ത് ലോട്ടറിയുടെ പരസ്യക്കാരനായിരുന്ന നടൻ വെളിപ്പെടുത്തി, താൻമൂലം അനേകർക്ക് ഇടർച്ചയുണ്ടായതിനാൽ പ്രസ്തുത പരസ്യത്തിൽനിന്നും പിൻമാറുന്നു.

ഒരുവന്റെ ആത്മാവ് നശിക്കാൻ ഞാൻ കാരണമാകുന്നുണ്ടോ എന്നതാണ് ചോദ്യം? ഒരുവന്റെ സ്നേഹത്തെ, വിശ്വാസത്തെ ഈ ഭൂമിയിലെ നല്ല ജീവിതത്തെ, സമാധാനത്തെ, പ്രാണനെ തകർക്കാൻ എന്റെ വാക്കോ പ്രവൃർത്തിയോ കാരണമാകുന്നുണ്ടോ എന്ന ചോദ്യം അപരനോട് അടുക്കേണ്ട ഒരോ സന്ദർഭങ്ങളിലും നമ്മുടെ ഉള്ളിൽ നിശ്ചയമായും ഉയരേണ്ടതുണ്ട് എന്ന് ചുരുക്കം. പ്രലോഭകനെ കാത്തിരിക്കുന്നത്

ദൈവീക കരുണയുടെ ഒരംശം പോലും അർഹിക്കാത്ത വിധിയാണ്. കാരണം സ്വർഗ്ഗത്തെ കുറിച്ച് പറയുമ്പോഴെല്ലാം അവൻ അലങ്കാരങ്ങളൊന്നുമില്ലാതെ പറയുന്നുണ്ട്, വലിയോർ ചെറിയോരായും ചെറിയോര് വലിയോരായും ലഃരവമിഴല ചെയ്യപ്പെടുന്ന ഇടത്തിന്റെ പേരത്രെ സ്വർഗ്ഗം

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com